**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *450.** **19.10.2011-ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. എം;പി.അബ്ദുസമദ് സമദാനി:<br>ശ്രീ.സി.മോയിൻകുട്ടി:<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തോട്ടം മേഖലയിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തോട്ടവിളകളുടെ വിലയിലെ അസന്തുലിതാവസ്ഥ തൊഴിലിനെ ബാധിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കുമോ; | (ബി) പരിശോധിക്കുന്നതാണ്. |
| (സി) തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്നതിനും അവർക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും മാനേജ്മെന്റുകളെ നിർബന്ധിതരാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) പരിശോധിക്കുന്നതാണ്. |

(ഡി) മാനേജ്മെന്റുകൾ ഉപേക്ഷിച്ചു പോവുകയോ അടച്ചുപൂട്ടുകയോ ചെയ്ത തോട്ടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ;

(ഡി) നിലവിൽ ഇടുക്കി ജില്ലയിൽ 3 തോട്ടങ്ങളും പാലക്കാട് ജില്ലയിൽ 8 തോട്ടങ്ങളും അടഞ്ഞുകിടക്കുന്നു. തോട്ടങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു;

**ഇടുക്കി ജില്ല**

1) പീരുമേട് എസ്റ്റേറ്റ്

2) ലോൺ-ട്രീ എസ്റ്റേറ്റ്

3) മേത്താനത്ത് എസ്റ്റേറ്റ്

**പാലക്കാട് ജില്ല**

1) കരിമല എസ്റ്റേറ്റ്

2) ബിയാട്രീസ് എസ്റ്റേറ്റ്

3) വാഴക്കുണ്ട് എസ്റ്റേറ്റ്

4) ശിങ്കാരച്ചോല എസ്റ്റേറ്റ്

5) കള്ളിയറ എസ്റ്റേറ്റ്

6) മണലാരു എ കാർഡമം ഡിവിഷൻ

7) റോസറി എസ്റ്റേറ്റ്

8) മീര ഫ്ളോറൻസ്

(ഇ) ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ എങ്ങിനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഇ) നിലവിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തന സജ്ജമാക്കുന്നതിന് വിവിധ തലങ്ങളിൽ അനുരഞ്ജന ശ്രമങ്ങളും മറ്റ് നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**